പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം : 182 — 09.12.2014 ൽ മറുപടിയ്ക്ക്

## പാരമ്പര്യവും പാരമ്പര്യേതരവുമായ ഊർജ്ജസ്രോതസ്സുകളെ സംബന്ധിച്ച താരതമ്യ പഠനം

ചോദ്യം

ശ്രീ.കെ.എം.ഷാജി
,, റ്റി.എ.അഹമ്മദ് കബീർ
,, എം.ഉമ്മർ
,, കെ.എൻ.എ.ഖാദർ

(എ) വൈദ്യുതി ഉൽപാദനച്ചെലവിന്റെ കാര്യത്തിൽ പരമ്പരാഗതവും, പാരമ്പര്യേതരവുമായ ജലം, കാറ്റ്, സൗരോർജ്ജം, തിരമാല, കൽക്കരി, ഡീസൽ എന്നീ ഊർജ്ജസ്രോതസ്സുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബി., എനർജി മാനേജ്മെന്റ് സെന്റർ, അനർട്ട് തുടങ്ങിയ ഏതെങ്കിലും ഏജൻസികൾ എന്തെങ്കിലും താരതമ്യപഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനഫലങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള റിപ്പോർട്ടുകളേതെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കുമോ; അതിൻപ്രകാരം ഉൽപാദനച്ചെലവ് കുറവുള്ള സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

ഇല്ല. പക്ഷേ വിവിധ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദന ചെലവിനെക്കുറിച്ച് ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും വളരെയധികം പഠനങ്ങൾ നടത്തിയിട്ടുണ്ട്. പ്രാദേശികമായി വൈദ്യുതി ഉല്പാദന സ്രോതസ്സുകളുടെ ലഭ്യതയെ കൂടി ആശ്രയിച്ചാണ് വൈദ്യുതി ഉല്പാദന ചെലവിലെ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത്. കൽക്കരി, പ്രകൃതി വാതകം എന്നിവ പുറത്തു നിന്ന് കൊണ്ടു വരേണ്ട സാഹചര്യം കേരളത്തിലുള്ളതിനാൽ ഈ സ്രോതസ്സുകളിൽ നിന്നുള്ള ഉല്പാദന ചെലവ് അല്പം കൂടുതലായിരിക്കും. ഇത്തരം പദ്ധതികളുടെ നിരക്കുകളുടെ ഏകദേശ പരിധി താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പദ്ധതികളിൽ ഉപയോഗിക്കുന്ന ഇന്ധനം | വൈദ്യുതി നിരക്കുകളിലെ ഏകദേശ പരിധി |
|---|---|---|
| 1 | കൽക്കരി | |
| | (എ) ആഭ്യന്തരം | Rs. 2.00 – Rs. 3.00 |
| | (ബി) ഇറക്കുമതി | Rs. 4.50 – |

| | | |
|---|---|---|
| | | Rs. 5.50 |
| 2 | നാഫ്ത | Rs.10.00-<br>Rs.13.00 |
| 3 | പ്രകൃതി വാതകം | |
| | (എ) ആഭ്യന്തരം | Rs.6.00 –<br>Rs.8.00 |
| | (ബി) ഇറക്കുമതി | Rs.10.00 –<br>Rs.12.00 |

കൂടാതെ റെഗുലേറ്ററി കമ്മീഷൻ ഉത്പാദന ചെലവ് പരിശോധിച്ച് താഴെ പറയുന്ന നിരക്കുകൾക്ക് അംഗീകാരം നല്കിയിട്ടുമുണ്ട്.

കാറ്റ് - 4.77 രൂപ

ചെറുകിട ജലവൈദ്യുത പദ്ധതികൾ (25MW വരെ)

(a) 5MW ൽ കുറവ് 4.88 രൂപ

(b) 5MW ൽ കൂടുതൽ 4.16 രൂപ

സൗരോർജ്ജം - 6.95 രൂപ (കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ 2014-ൽ നിശ്ചയിച്ചത്).

സെക്ഷൻ ഓഫീസർ.